LIBRARY ARCHIVES Kerala Legislative Assembly

ആറാട്ടുപുഴ ഫിഷറീസ് ആശുപത്രി പുതിയ കെട്ടിടത്തിലേക്ക് മാറ്റാൻ നടപടി

95 [1781] ശ്രീ. ടി. കെ. ദേവകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിലെ ആറാട്ടുപുഴ ഫിഷറീസ് ആശുപത്രി എത്ര കാലമായി വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നു;

(ബി) പുതിയ കെട്ടിടത്തിലേക്ക് ഫിഷറീസ് ആശുപത്രിയുടെ പ്രവർത്തനം മാറ്റുന്നതിനുള്ള കാലതാമസത്തിന് കാരണമെന്താണ്;

(സി) ഇതിന്റെ പ്രവർത്തനം എന്നത്തേക്ക് പുതിയ കെട്ടിടത്തിലേക്ക് മാറ്റാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 10 വർഷവും 4 മാസവും.

(ബി) ആശുപത്രി കെട്ടിടത്തിന്റെ പണി പൂർത്തിയായെങ്കിലും വൈദ്യുതീകരണ ജോലികൾ പൂർത്തിയായിട്ടില്ലാത്തതുകൊണ്ട് പുതിയ കെട്ടിടത്തിലേക്ക് മാറ്റിയിട്ടില്ല.

(സി) വൈദ്യുതീകരണം, ജലവിതരണം തുടങ്ങിയ ജോലികൾ പൂർത്തിയാക്കിയാലുടനെ പ്രവർത്തനം ആരംഭിക്കുന്നതാണ്.

അഴീക്കൽ ഫിഷറീസ് സ്കൂൾ കെട്ടിടം കരാറുകാരനിൽ നിന്നും തിരിച്ചു വാങ്ങുവാൻ നടപടി

96 [1782] ശ്രീ. ടി. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ അഴീക്കൽ ഫിഷറീസ് സ്കൂളിന്റെ കെട്ടിടം കരാറുകാരൻ തിരിച്ചേൽപ്പിക്കാത്തത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;